# O.S.S.A.E.

## വാർഷിക പരീക്ഷ 2018

Class V | 02-12-2018, Sunday 11 AM to 1 PM | Marks 50

**ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക (1-5)** 5

1. അനുതാപത്തിന്റെ സങ്കീർത്തനം.
   (51-ാം സങ്കീ., 23-ാം സങ്കീ., 15-ാം സങ്കീ.)
2. പാലും തേനും ഒഴുകുന്ന ദേശം.
   (മിദ്യാൻ, മിസ്രയീം, കനാൻ)
3. ഒരു ദിവസം പ്രാർത്ഥനകൾ എത്ര യാമങ്ങളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്.
   (2, 7, 3)
4. കർത്താവിന് ആഥിധേയത്വം അരുളിയ ലാസറിന്റെ ഭവനം എവിടെ ആയിരുന്നു?
   (ബഥാന്യ, കഫർന്നഹോം, ബേത്‌ലഹേം)
5. വി. വചനിപ്പു പെരുന്നാൾ ദിവസം.
   (ഡിസംബർ 25, മാർച്ച് 25, ഏപ്രിൽ 25)

**പൂരിപ്പിക്കുക (6-10)** 5

6. നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർ ....................................
7. ഓർത്തഡോക്സ് സഭകൾ വി. കൂദാശകളെ ........................... എന്നു നാമകരണം ചെയ്യുന്നു.
8. 'ഏവൻഗേലിയോൻ' എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം ........................... എന്നാകുന്നു.
9. മാർത്തോമ്മാ ശ്ലീഹാ A.D. 52-ൽ .............................. എന്ന വാണിജ്യ തുറമുഖത്തു വന്നിറങ്ങി.
10. യിസ്രായേൽ മക്കൾക്ക് ............................ മരുഭൂമിയിൽവച്ചു മന്ന ലഭിച്ചു.

**ചേരുംപടി ചേർക്കുക (11-15)** 5

| | | |
|---|---|---|
| 11. ബേത്‌ലഹേം | - | പത്രോസ് |
| 12. സെപ്തംബർ 14 | - | കടന്നുപോക്ക് |
| 13. മൂന്നു കുടിലുകൾ | - | വചനം |
| 14. വിത്ത് | - | അപ്പത്തിന്റെ ഭവനം |
| 15. പെസഹ | - | സ്ലീബാപ്പെരുന്നാൾ |

**ഒറ്റ വാക്കിൽ ഉത്തരമെഴുതുക (16-20)** 5

16. വി. തോമ്മാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സ്ഥലം?
17. ക്രിസ്തീയ സഭയുടെ ആരംഭം എന്ന്?
18. വി. കുർബാനയിൽ ഏവൻഗേലിയോൻ വായിക്കുന്നത് ആരാണ്?
19. കർത്തൃപ്രാർത്ഥനയിൽ നാം ആരോടാണ് പ്രാർത്ഥിക്കുന്നത്?
20. പത്താമത്തെ ബാധ ഏത്?

**താഴെ പറയുന്ന വാചകങ്ങൾ ആരു പറഞ്ഞു എന്നെഴുതുക (21-25)** 5

21. "ഞാനാകുന്നവൻ ഞാനാകുന്നു."
22. "എന്നോടു പ്രിയമുണ്ടെങ്കിൽ അടിയനെ കടന്നുപോകരുതെ. അസാരം വെള്ളം കൊണ്ടുവന്നു നിങ്ങളുടെ കാലുകളെ കഴുകട്ടെ..."
23. "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു."

24. "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനു ചെവി കൊടുപ്പീൻ."
25. "യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. നിങ്ങൾ മിണ്ടാതിരിപ്പിൻ."

**തെറ്റോ ശരിയോ എന്നെഴുതുക (26–30)** **5**

26. മോശയും അഹരോനും കനാൻദേശത്ത് എത്തിച്ചേർന്നു.
27. യിസ്രായേൽ മക്കൾ മിസ്രയീമിൽ 430 വർഷം അടിമകളായിരുന്നു.
28. 'ദനഹ' എന്ന പദത്തിന് 'ഉദയം' എന്നർത്ഥമാകുന്നു.
29. 'ലഭിച്ചതിനെ വർദ്ധിപ്പിക്കുക' എന്നതാണ് താലന്തുകളുടെ ഉപമയുടെ സന്ദേശം.
30. 'ഇംഗ്ലണ്ടിന്റെ പരിരക്ഷകൻ' എന്ന് വി. ഗീവർഗീസ് സഹദ അറിയപ്പെടുന്നു.

**ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക (31–35)** **10**

31. മന്നായുടെ പ്രത്യേകതകൾ എന്തെല്ലാം?
32. ജീവിതത്തിൽ കൃത്യനിഷ്ഠ വളർത്തുവാനുള്ള ക്രിസ്തീയ മാർഗ്ഗങ്ങൾ വിവരിക്കുക.
33. ആരാണ് പരിശുദ്ധന്മാർ?
34. മാർ ഗീവർഗീസ് സഹദായുടെ പേരിലുള്ള പ്രശസ്തമായ 'ഐതിഹ്യം' എഴുതുക.
35. 'കാത്തിരുപ്പുദിവസങ്ങൾ' വിശദീകരിക്കുക.

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (36–39)** **4**

"... വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു. വിതെക്കുമ്പോൾ ചിലതു വഴിയരികെ വീണു; പറവകൾ വന്ന് അതു തിന്നുകളഞ്ഞു. ചിലതു പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്ത ഇടത്തു വീണു; മണ്ണിനു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു. സൂര്യൻ ഉദിച്ചാറെ ചൂടു തട്ടി, വേർ ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി. മറ്റു ചിലതു മുള്ളിനിടയിൽ വീണു. മുള്ളു മുളച്ചു വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലതു നല്ല നിലത്തു വീണു. നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു..."

36. സൂര്യൻ ഉദിച്ചാറെ ചൂടുതട്ടി വിത്ത് ഉണങ്ങിപ്പോയി. എന്തുകൊണ്ട്?
37. നൂറും അറുപതും മുപ്പതും മേനിയായി വിളവു ലഭിച്ച വിത്തു വീണ സ്ഥലം എവിടെയായിരുന്നു?
38. പറവകൾ തിന്നുകളഞ്ഞ വിത്തുകൾ എവിടെയായിരുന്നു വീണു കിടന്നത്?
39. വേദഭാഗത്തിന് അനുയോജ്യമായ 'തലക്കെട്ട്' എഴുതുക.

**പ്രാർത്ഥന പൂരിപ്പിക്കുക** **3**

കർത്താവിനെ .......................... ചെയ്യുന്നതും അത്യുന്നതനായ തന്റെ ............................. കീർത്തിച്ചു പാടുന്നതും പ്രഭാതകാലത്തു തന്റെ .............................. രാത്രികാലത്തു തന്റെ .......................... അറിയിക്കുന്നതും എത്രയും നല്ലതാകുന്നു.

**ഗീതം പൂർണ്ണമാക്കുക** **3**

40. മാർത്തോമ്മാ സൽഗുണനിധിയേ
........................... കൊണ്ടാടും ....................
അനവരതം നിൻ ......................................
ശമവും ശാന്തിയുമമരട്ടെ.

✧ ✧ ✧ ✧ ✧

# O.S.S.A.E.

## വാർഷിക പരീക്ഷ 2018

## ഉത്തരസൂചിക

Class V — Marks 50

| | | പാഠം | പേജ് |
|---|---|---|---|
| 1. | 51-ാം സങ്കീ. | 14 | 64 |
| 2. | കനാൻ | 2 | 15 |
| 3. | 7 | 8 | 36 |
| 4. | ബഥാന്യ | 24 | 103 |
| 5. | മാർച്ച് 25 | 20 | 85 |
| 6. | തൃപ്തരാകും | 23 | 96 |
| 7. | വിശുദ്ധ രഹസ്യങ്ങൾ | 21 | 88 |
| 8. | സുവിശേഷം | 15 | 67 |
| 9. | മുസറീസ് അഥവാ കൊടുങ്ങല്ലൂർ | 17 | 73 |
| 10. | സീൻ | 5 | 25 |
| 11. | അപ്പത്തിന്റെ ഭവനം | | 16 |
| 12. | സ്ലീബാപ്പെരുന്നാൾ | | 17 |
| 13. | പത്രോസ് | | 18 |
| 14. | വചനം | | 19 |
| 15. | കടന്നുപോക്ക് | | 20 |
| 16. | ചെന്നൈയ്ക്ക് അടുത്തുള്ള മൈലാപ്പൂർ | 17 | 74 |
| 17. | പെന്തക്കോസ്തി | 16 | 70,72 |
| 18. | എപ്പോഴും പുരോഹിതൻ ആയിരിക്കും | 15 | 67 |

| | | പാഠം | പേജ് |
|---|---|---|---|
| 19. | പിതാവിനോട് | 8 | 37 |
| 20. | കടിഞ്ഞൂൽ സംഹാരം | 3 | 19 |
| 21. | ദൈവം മോശയോട് | 2 | 15 |
| 22. | അബ്രഹാം ദൈവദൂതന്മാരോട് | 24 | 102 |
| 23. | യേശു ശിഷ്യന്മാരോട് | 19 | 80 |
| 24. | മറുരൂപമലയിൽ മേഘത്തിൽനിന്നുണ്ടായ ശബ്ദം | 7 | 33 |
| 25. | മോശ ജനത്തോട് | 2 | 15 |
| 26. | തെറ്റ് | 5 | 25 |
| 27. | ശരി | 4 | 21 |
| 28. | ശരി | 20 | 85 |
| 29. | ശരി | 25 | 106 |
| 30. | ശരി | 22 | 93 |
| 31. | പാഠം 5, പേജ് 25 | | |
| 32. | പാഠം 25, പേജ് 107 | | |
| 33. | പാഠം 23, പേജ് 96 | | |
| 34. | പാഠം 22, പേജ് 94 | | |
| 35. | പാഠം 20, പേജ് 86 | | |
| 36. | വിത്തിനു വേര് ഇല്ലാത്തതുകൊണ്ട് | | |
| 37. | നല്ല നിലം | | |
| 38. | വഴിയരികെ വീണത് | | |
| 39. | വിതയ്ക്കുന്നവന്റെ ഉപമ | | |

✧ ✧ ✧ ✧ ✧